പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 6293

20.11.2019 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. സ്വരാജ്<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ. ഡി.കെ. മുരളി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) വൻകിട കുത്തക കമ്പനികളുടെ ഇടപെടലിന്റെ ഫലമായി തേയില, കാപ്പി തുടങ്ങിയ ഉല്പന്നങ്ങൾക്ക് മാർക്കറ്റിൽ വില ഉയർന്നു നിൽക്കുമ്പോഴും ചെറുകിട കർഷകർക്ക് പച്ച തേയിലക്കും കാപ്പിക്കുരുവിനും ന്യായവില ലഭിക്കാത്തത് കർഷകരോടൊപ്പം തോട്ടം തൊഴിലാളികളെയും പ്രതിസന്ധിയിലാക്കിയിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | എ) ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ബി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കുന്നതിനും അവർക്ക് ഇ .എസ്. ഐ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വാസയോഗ്യമായ ഭവനങ്ങൾ നല്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | ബി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 27.02.2019-ന് നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് 2019 ഫെബ്രുവരി മാസം മുതൽ പ്രതിദിനം 50/ രൂപ ഇടക്കാലാശ്വാസം നൽകുവാൻ ധാരണയിലെത്തി കരാറുണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത ധാരണ പ്രകാരമുള്ള ആനുകൂല്യം തൊഴിലാളികൾക്ക് ലഭിച്ചു വരുന്നുണ്ട്. വേതന പരിഷ്കരണം സംബന്ധിച്ച് വിഷയം ചർച്ച ചെയ്യുന്നതിന് വേണ്ടി 14/11/2019 – ന് തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ പ്ലാന്റേഷൻ ലേബർ കമ്മറ്റി യോഗം ചേർന്നിരുന്നു. തുടർയോഗം 21.11.2019-ന് ചേരുവാൻ നിശ്ചയിച്ചിട്ടുണ്ട്.<br><br>തോട്ടം മേഖലയെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട്, ലൈഫ് പദ്ധതി മുഖേന ലഭ്യമാക്കാൻ സർക്കാർ തീരുമാനിക്കുകയും ആയതിന്റെ നടത്തിപ്പിനായി ലൈഫ് |

മിഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സംസ്ഥാനത്തെ തോട്ടം തൊഴിലാളികളെ നാല് കാറ്റഗറിയായി തരം തിരിച്ച് തൊഴിൽ വകുപ്പ് നടത്തിയ സർവ്വേയിൽ 32,591 പേർ ഭൂരഹിതരും, ഭവന രഹിതരുമാണെന്ന് കണ്ടെത്തുകയും ടി സർവ്വേ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരം ലൈഫ് മിഷന് സമർപ്പിച്ചിട്ടുള്ളതുമാണ്

ടി പദ്ധതി പ്രകാരം തോട്ടം മേഖലയിൽ ജോലി ചെയ്യുന്നതും സ്വന്തമായി സ്ഥലമുള്ളതും ഭവനരഹിതരുമായ തൊഴിലാളികൾക്ക് 4 ലക്ഷം രൂപ ചെലവിൽ 400 ചതുരശ്രഅടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങളും സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് 400 ചതുരശ്രഅടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും നിർമ്മിച്ച നൽകുവാനാണ് ലക്ഷ്യമിടുന്നത്. ഇതിലേക്കായി ലൈഫ് മിഷൻ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 10 പേരെ തിരഞ്ഞെടുക്കുകയും, ഇവർക്കുള്ള ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിന് കീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തുകയും ടി ഭൂമി റവന്യൂ വകുപ്പിൽ നിന്നും കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. കൂടാതെ വയനാട്ടിൽ പ്രളയബാധിതരായ തോട്ടം തൊഴിലാളികൾക്ക് ബിവറേജസ് കോർപ്പറേഷന്റെ CSR ഫണ്ട് ഉപയോഗിച്ച് 100 വീടുകൾ നിർമ്മിച്ച നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| സി) തോട്ടം തൊഴിലാളികൾ ഏറ്റവും അധികം കേന്ദ്രീകരിച്ചിരിക്കുന്ന മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ? | സി) മൂന്നാറിൽ ഡെപ്യൂട്ടി ലേബർ ഓഫീസ്, പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ് എന്നിവ റ്റാറ്റാ ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മാസവാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. തോട്ടം തൊഴിലാളികളുടെ ക്ഷേമവും പരാതി പരിഹാരവും കണക്കിലെടുത്ത് ഒരു ലേബർ ഓഫീസ് കോംപ്ലക്സ് മൂന്നാറിൽ സ്ഥാപിക്കുന്നതിന് നിർമ്മാണ ഏജൻസിയായ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച ഡി.പി.ആർ സർക്കാർ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും യോഗ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും നിർമ്മാണ ഏജൻസിയുമായി കരാർ ഏർപ്പെടുകയും കരാറിലെ വ്യവസ്ഥ പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് ആയി 40 ലക്ഷം രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**